പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1497 10-02-2020-ലെ മറുപടിയ്ക്ക്

**പ്രളയക്കെടുതിയിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. ഉമ്മർ<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ.പി.കെ. അബ്ദു റബ്ബ്<br>ശ്രീ.എം.സി. കമറുദ്ദീൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പ്രളയക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിവിധ വിളകളുടെ അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ; | **(എ)** | 2018-ലെ പ്രളയത്തിൽ 19001.84 കോടി രൂപയുടെയും 2019 ൽ 1780.9138 കോടി രൂപയുടെയും നാശനഷ്ടമാണ് പ്രളയക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളത്. വിവിധ വിളകളുടെ അടിസ്ഥാനത്തിലുള്ള നഷ്ടം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(ബി)** | ഇത്തരം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | **(ബി)** | പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു.<br>പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക്ക് ടൺ നെൽവിത്ത് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കർഷകർക്ക് 22.60338 കോടി രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ |

| | | | |
|---|---|---|---|
| | | | അമീലിയോറന്റ്സ് ഇൻ സെലക്റ്റഡ് ഡിസ്ട്രിക്റ്റ്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.<br>കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായ് 26.21583 ലക്ഷം രൂപയും മഴക്കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടി പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>കൂടാതെ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണത്തിനും, നടീൽ വസ്തുക്കളുടെ വിതരണത്തിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ |

നടപ്പിലാക്കി.

| പദ്ധതി | 2018-19 ൽ നൽകിയ തുക | 2019-20 ൽ നൽകിയ തുക |
|---|---|---|
| വിള ഇൻഷ്വറൻസ് പദ്ധതി | 51 കോടി | 55.60 കോടി |
| പ്രകൃതിക്ഷോഭം ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതം | 164.51 കോടി | 4.7121576 കോടി |
| എസ്.ഡി.ആർ. ഫണ്ട് | 115.98 കോടി | 1.0614984 കോടി |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

## 2018 തെക്ക പടിഞ്ഞാറൻ കാലവർഷം കണക്കാക്കുന്ന വിള നഷ്ടം

| ക്രമ നം | വിള | വിസ്തൃതി (ഹെക്ടർ) | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | നെല്ല് (നഴ്സറി) | 820 | 15492.00 |
| | നെല്ല് (കൃഷിയിടം) | 35000 | 66150.00 |
| 2 | ചെറുധാന്യങ്ങൾ | 15 | 6.00 |
| 3 | പയർ വർഗ്ഗ വിളകൾ | 34 | 45.00 |
| 4 | പച്ചക്കറി | 10850 | 52080.00 |
| 5 | മരച്ചീനി | 12100 | 54450.00 |
| 6 | മറ്റ് കിഴങ്ങു വർഗ്ഗങ്ങൾ | 4520 | 47460.00 |
| 7 | വാഴ | 21620 | 216200.00 |
| 8 | കൈതച്ചക്ക | 850 | 17000.00 |
| 9 | ചക്ക | 5 | 105.00 |
| 10 | മാവ് | 7 | 126.00 |
| 11 | മറ്റ് ഫല വർഗ്ഗ വിളകൾ (പപ്പായ, റമ്പൂട്ടാൻ, സപ്പോട്ട മുതലായവ) | 20 | 120.00 |
| 12 | കുരുമുളക് | 98000 | 588000.00 |
| 13 | ഇഞ്ചി | 1020 | 12240.00 |
| 14 | മഞ്ഞൾ | 105 | 1418.00 |
| 15 | ഏലം | 35750 | 357500.00 |
| 16 | ഗ്രാമ്പൂ | 55 | 42.00 |
| 17 | ജാതി | 1200 | 4801.00 |
| 18 | വെറ്റില | 150 | 11400.00 |
| 19 | തെങ്ങ് | 7100 | 24850.00 |
| 20 | നിലക്കടല | 10 | 22.50 |
| 21 | എള്ള് | 5 | 2.00 |
| 22 | റബ്ബർ | 1220 | 366000.00 |
| 23 | കാപ്പി | 365 | 1799.00 |
| 24 | കമുക് (അടയ്ക്ക) | 5230 | 15690.00 |
| 25 | കശുമാവ് | 74 | 420.00 |
| 26 | കൊക്കോ | 410 | 902.00 |
| 27 | ഔഷധ സസ്യങ്ങൾ | 4.5 | 150.00 |
| 28 | കരിമ്പ് | 110 | 55.00 |
| | ആകെ | 236649.5 | 1854525.50 |

## Government of Kerala

### Department of Agriculture Development and Farmers' Welfare

**Crop Wise FIR Report**

**(01/06/2019 to 15/10/2019)**

| Crop | Quantity Destroyed | Crop Area ( in Ha ) | Farmers Affected (in Numbers) | Estimated Loss (Amount in Lakhs) |
|---|---|---|---|---|
| Rubber Tapping | 179437 Number | 1,515.01 | 13,280 | 3,588.75 |
| Rubber With out tapping | 52831 Number | 516.31 | 4,435 | 792.47 |
| Pulses - Others | 9.440 Hectare | 15.64 | 71 | 1.42 |
| Fodder Crops - Others | 38.580 Hectare | 38.58 | 158 | 6.94 |
| Mulberry - Others | 0.700 Hectare | 0.70 | 2 | 0.15 |
| Tobacco - Others | 10.400 Hectare | 10.40 | 77 | 2.60 |
| Banana - Non Bunched | 4373294 Number | 9,641.40 | 49,704 | 17,493.18 |
| Banana - Bunched | 9911287 Number | 29,023.00 | 79,249 | 59,467.72 |
| Coconut - Bearing | 65669 Number | 2,685.89 | 22,394 | 3,283.47 |
| Paddy - Mainfield | 19123.430 Hectare | 20,818.83 | 40,440 | 28,685.15 |
| Paddy - Nursery | 1593.283 Hectare | 1,494.34 | 6,110 | 2,389.92 |
| Coconut Non Bearing | 31407 Number | 706.39 | 8,890 | 1,032.21 |
| Vegetables With Pandal | 1024.191 Hectare | 1,041.67 | 8,922 | 460.89 |

| Crop | Quantity Destroyed | Crop Area ( in Ha ) | Farmers Affected (in Numbers) | Estimated Loss (Amount in Lakhs) |
|---|---|---|---|---|
| Arecanut - Non Bearing | 126402 Number | 610.92 | 7,406 | 316.01 |
| Arecanut - Bearing | 256887 Number | 8,645.68 | 22,318 | 770.66 |
| Pepper - Bearing | 448587 Number | 1,007.45 | 15,643 | 3,364.41 |
| Pepper - Non Bearing | 96307 Number | 572.50 | 1,654 | 481.54 |
| Coffee - Coffee | 309673 Number | 445.34 | 2,335 | 1,238.69 |
| Cashew Bearing | 14896 Number | 153.89 | 2,678 | 148.97 |
| Tuber Crops - Tubers | 99186.058 Hectare | 1,407.86 | 7,939 | 44,633.73 |
| Betelvine - Betelvine | 392.115 Hectare | 192.25 | 1,723 | 980.29 |
| Tapioca - Tapioca | 20190.975 Hectare | 2,293.17 | 11,198 | 2,624.83 |
| Ginger - Ginger | 385.696 Hectare | 363.45 | 3,153 | 385.70 |
| Cocoa - Bearing | 92815 Number | 2,227.64 | 2,437 | 324.85 |
| Turmeric - Turmeric | 384.646 Hectare | 397.05 | 2,777 | 269.25 |
| Groundnut - Groundnut | 13.200 Hectare | 13.20 | 79 | 1.98 |
| Sugarcane - Sugarcane | 68.800 Hectare | 68.80 | 190 | 41.28 |
| Other Fruits - Other Fruits | 32.118 Hectare | 32.12 | 342 | 192.71 |
| Vegetables - Without Pandal | 4121.240 Hectare | 1,435.65 | 11,175 | 1,648.50 |
| Pepper - Nursery | 28030 Number | 18.45 | 171 | 14.02 |

| Crop | Quantity Destroyed | Crop Area ( in Ha ) | Farmers Affected (in Numbers) | Estimated Loss (Amount in Lakhs) |
|---|---|---|---|---|
| Cardamom - Cardamom | 471.005 Hectare | 471.11 | 2,327 | 329.70 |
| Tea - Tea | 40.000 Hectare | 40.00 | 4 | 32.00 |
| Pineapple - Pineapple | 40.630 Hectare | 42.63 | 140 | 24.38 |
| Jack Fruit - Jackfruit | 11.670 Hectare | 9.71 | 136 | 245.07 |
| Mango - Mango | 0.682 Hectare | 0.68 | 7 | 12.28 |
| Cool Season Vegetables - Cool Season Vegetables | 22.000 Hectare | 22.00 | 125 | 8.80 |
| Nutmeg - Bearing | 55816 Number | 971.25 | 10,637 | 1,953.57 |
| Nutmeg - Non Bearing | 10049 Number | 5,252.03 | 1,115 | 351.72 |
| Clove - Bearing | 334 Number | 9.31 | 101 | 4.68 |
| Coconut - Seedlings upto one year | 45850 Number | 1,983.51 | 5,088 | 458.50 |
| Cashew - Non bearing above three year old | 3785 Number | 46.09 | 258 | 28.39 |
| **Total** | | **96,241.9** | **3,46,888** | **1,78,091.38** |

സെക്ഷൻ ഓഫീസർ